പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ --6050 10.07.2012- ൽ മറുപടിക്ക്

## ആദ്യ പ്രവാസി പുനരധിവാസ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പാലോട് രവി<br>ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. ലൂഡി ലൂയിസ് | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും പ്രവാസികേരളീയകാര്യവും വകുപ്പ് മന്ത്രി)* |
| (എ) ആദ്യ പ്രവാസി പുനരധിവാസ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാം; | (എ) തിരികെയെത്തിയ പ്രവാസി മലയാളികൾക്ക് ഒരു സ്വയം തൊഴിൽ സംരംഭം ആരംഭിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും ആവശ്യമായ ധനസഹായവും ലഭ്യമാക്കുന്നതിന് വേണ്ടി ഒരു സഹായകകേന്ദ്രമായി പ്രവർത്തിച്ച് വിജയകരമായി നടപ്പിലാക്കുന്ന പദ്ധതികൾക്ക് മൂലധന/പലിശ സബ്സിഡി വഴി സർക്കാർ സഹായം ലഭ്യമാക്കുക എന്നുള്ളതാണ് നിലവിലുള്ള പ്രവാസി പുനരധിവാസ പദ്ധതിയുടെ ഉദ്ദേശ്യം. |
| (ബി)വിദേശത്തു നിന്ന് തിരിച്ചുവന്ന പ്രവാസികളുടെ ക്ഷേമത്തിനായി എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; | (ബി) പ്രവാസികൾ അവരുടെ സമ്പാദ്യം ഉപയോഗിച്ച സ്വയംതൊഴിൽ പദ്ധതികളും വികസനോന്മുഖമായ മറ്റു ചെറുകിട വ്യവസായങ്ങളും തുടങ്ങുന്നതു സഹായിക്കാനാണ് ഈ പദ്ധതി. വിവിധ മേഖലകളിൽ അംഗീകരിച്ച സംരംഭത്തിനു വേണ്ട തുകയുടെ നിശ്ചിത ശതമാനം മൂലധനം/പലിശ സബ്സിഡി നൽകുന്നതിനാണ് ലക്ഷ്യമിടുന്നത്. പദ്ധതി രൂപരേഖ തയ്യാറാക്കിവരുന്നു. ഇതിനായി 12 - ാം പദ്ധതിയുടെ ആദ്യവർഷമായ 2012 - 13 ലെ ബഡ്ജറ്റിൽ രണ്ട് കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |

| | |
|---|---|
| (സി)പ്രസ്തുത പദ്ധതി എന്ന് ആരംഭിക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്; | (സി) ഈ സാമ്പത്തിക വർഷം തന്നെ ആ പദ്ധതികൾ ആരംഭിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ഡി)ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്; | (ഡി) നിലവിൽ കെ.എഫ്.സി, സിഡ്കോ, എസ്.ബി.റ്റി മറ്റു പൊതുമേഖല ബാങ്കുകൾ എന്നീ സ്ഥാപനങ്ങളുടെ സഹായത്തോട് കൂടിയാണ് ടി പദ്ധതി നടപ്പിൽ വരുത്താനുദ്ദേശിക്കുന്നത്. എങ്കിലും ഭാവിയിൽ ആവശ്യമെന്ന് കണ്ടാൽ മറ്റ് സ്ഥാപനങ്ങളുമായും പ്രസ്തുത പദ്ധതിയെ ബന്ധിപ്പിക്കാവുന്നതാണ്. |
| (ഇ)പദ്ധതിയെക്കുറിച്ച് ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുമോ? | (ഇ) പ്രസ്തുത പാക്കേജ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി പ്രവാസി മലയാളികൾക്കായി ഉൽപാദനക്ഷമമായ വിവിധ മേഖലകളിലെ പ്രമുഖരെ പങ്കെടുപ്പിച്ച് ഒരു ഏകദിന ശിൽപശാല തിരുവനന്തപുരത്ത് വച്ച് 2012 ഏപ്രിൽ മാസം 25 ന് നടത്തിയിട്ടുണ്ട്. ഇതേ മാതൃകയിൽ പ്രവാസി ജനസംഖ്യ കൂടുതലുള്ള കേരളത്തിന്റെ വടക്കൻ മേഖലകളിലും ആവശ്യമെങ്കിൽ ശിൽപശാലകൾ സംഘടിപ്പിക്കുന്നതാണ്. കൂടാതെ ഫലപ്രദമായ രീതിയിൽ വളരെ വ്യാപകമായി പരസ്യങ്ങൾ നൽകാൻ ആലോചനയുണ്ട്. |

സെക്ഷൻ ഓഫീസർ